ഹെൽത്ത് സെൻറുകൾ.

* 597. [63] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേറിൽ എത്ര ഹെൽത്ത് സെൻറുകൾ നിലവിലിരിക്കുന്നുണ്ട്;

(ബി) നെടുമങ്ങാട്ട് താലൂക്കിൽ ഹെൽത്ത് സെൻറുകൾ എത്രയെണ്ണമുണ്ട്;

(സി) അവ ഏതെല്ലാം?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 13 (പതിമൂന്ന്)

(ബി) ഒന്നും ഇല്ല.

(സി) ഉദിക്കുന്നില്ല.

കഴിഞ്ഞ നിയമസഭാസമ്മേളനത്തിനുശേഷമുണ്ടായ തൊഴിൽത്തർക്കങ്ങൾ.

* 598. [64] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാസമ്മേളനത്തിനുശേഷം എത്ര തൊഴിൽ കുഴപ്പങ്ങൾ ഈ രാജ്യത്തുണ്ടായിട്ടുണ്ട്;

(ബി) അവയിൽ എത്രയെണ്ണം ഒത്തുതീർപ്പിലെത്തിയിട്ടുണ്ട്;

(സി) ഒത്തുതീർപ്പിലെത്താഞ്ഞത് എത്ര;

(ഡി) ഒത്തുതീർപ്പിലെത്താത്തതിനു കാരണമെന്താണ്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കഴിഞ്ഞ നിയമസഭാസമ്മേളനത്തിനുശേഷം 1367 തൊഴിൽത്തർക്കങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 1187.

(സി) 180.

(ഡി) തൊഴിലാളി പ്രതിനിധികളുടെയും തൊഴിൽ ഉടമകളുടെയും സഹായകമല്ലാത്ത നയം നിമിത്തം ഒത്തുതീർപ്പിനുള്ള സാദ്ധ്യതകൾ വിരളമായിത്തീർന്നു.

ക്രെഡിറ്റ് ബാങ്കിലെ കടംവാങ്ങുകൾ.

* 599. [67] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സഭയം മറുപടി നൽകുമോ:

കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ട്രാവൻകൂർ ക്രെഡിറ്റ്ബാങ്കിൽ നിന്നും ഭൂസ്വത്തുജാമ്യത്തിന്മേൽ എത്രരൂപ കടം വാങ്ങുകയും നൽകിയിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

8,57,600 രൂപ.

LIBRARY ARCHIVES Kerala Legislative Assembly